പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 269* 21.06.2012 ൽ മറുപടിക്ക്

## മരാമത്ത് പണികളിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാർ തുടക്കം കുറിച്ച എത്ര മരാമത്ത് പണികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരം പ്രവൃത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) മുൻ സർക്കാർ തുടക്കം കുറിച്ച 572 പണികൾ വിവിധ ഘട്ടങ്ങളിലായി ഇപ്പോൾ പുരോഗതിയിലാണ്. ഇവയിൽ ഭൂരിഭാഗം പണികളുടെയും കരാർ കാലാവധി അവസാനിച്ചിട്ടില്ല. ഈ പണികൾ കഴിവതും വേഗം പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)ചില ഉദ്യോഗസ്ഥരുടെയും ചില കരാ-റുകാരുടെയും ഒത്തുകളിമൂലം പല മരാ-മത്ത് പ്രവൃത്തികളും ഇഴഞ്ഞു നീങ്ങുക-യാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു- ണ്ടോ; എങ്കിൽ ഇവർക്കെ-തിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)മരാമത്ത് പണികൾ ബോധപൂർവ്വം കാലതാമസം വരുത്തി പദ്ധതി അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ശ്രമമാണ് ഇതിന് പിന്നിലുള്ളതെന്ന കാര്യം പരിശോ-ധിച്ചിട്ടുണ്ടോ ; | (സി) മരാമത്ത് പണികൾ പൂർത്തീകരിക്കുവാൻ ബോധപൂർവ്വം കാലതാമസം വരുത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ഡി)കരാർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത എത്ര പ്രവൃത്തികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാ-ക്കുമോ; ഇത്തരം കരാറുകാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ; | (ഡി) & (ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തികൾ സമയ ബന്ധിതമായി തീർക്കാത്തതു കാരണം റോഡുകളും പാലങ്ങളും വിഭാഗത്തിൽ 84-ഉം കെട്ടിട വിഭാഗത്തിൽ 33-ഉം പ്രവൃത്തികൾക്ക് ഈ സർക്കാർ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | കെ.എസ്.ടി.പി.യിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ കർശന നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് കരാർ വയ്ക്കുന്നത്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ **L.D. (Liquidated Damage)** പിടിക്കുവാൻ വ്യവസ്ഥയുണ്ട്. അതിനു ശേഷവും പണി പൂർത്തിയാക്കിയില്ലെങ്കിൽ കരാർ റദ്ദാക്കുന്നതിനും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനും നിലവിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം കെ.എസ്.ടി.പി.യിൽ ഇതുവരെ 5 കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ കരാർ റദ്ദ് ചെയ്ത് കരാർ ഉടമ്പടി പ്രകാരമുള്ള ശിക്ഷാ നടപടികളും നിയമനടപടികളും, കരാറുകാരിൽ നിന്നും കഷ്ട നഷ്ടം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രവൃത്തികളുടെ പുരോഗതി ഡിവിഷൻ തലത്തിലും, സർക്കിൾ തലത്തിലും, നിശ്ചിത പീരിയഡുകളിൽ വിലയിരുത്തുകയും, കരാറുകാർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.<br><br>മരാമത്ത് പണികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തു ന്നതിനായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സാമാജികരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ, ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും പ്രവൃത്തികളുടെ അവലോകനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക്

| | |
|---|---|
| തിരുവനന്തപുരം | = 65 |
| കൊല്ലം | = 16 |
| പത്തനംതിട്ട | = 22 |
| ആലപ്പുഴ | = 40 |
| കോട്ടയം | = 26 |
| ഇടുക്കി | = 39 |
| എറണാകുളം | = 76 |
| തൃശൂർ | = 49 |
| പാലക്കാട് | = 50 |
| മലപ്പുറം | = 46 |
| കോഴിക്കോട് | = 48 |
| കണ്ണൂർ | = 39 |
| കാസറഗോഡ് | = 30 |
| വയനാട് | = 26 |
| ആകെ | =572 |

S.O